## പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1997 12-02-2013 -ൽ മറുപടിക്ക്

### വിഷമദ്യദുരന്തത്തിന്റെ അന്വേഷണ റിപ്പോർട്ട്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി: | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) |
| (എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നടന്ന മലപ്പുറം വിഷമദ്യ ദുരന്തത്തിന്റെ അന്വേഷണ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ബി) പ്രസ്തുത റിപ്പോർട്ട്, സർക്കാർ പരിശോധിച്ചു വരുന്നതേയുള്ളൂ. |
| (സി) ഇതെത്തുടർന്ന്, വ്യാജമദ്യം തടയുന്നതിനും മറ്റും എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ? | (സി) വ്യാജമദ്യം തടയുന്നതിനായി, നിലവിലുള്ള നിയമങ്ങൾ പാലിച്ചുകൊണ്ട്, ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനം നടത്തി വരുന്നു. ഹൈവേകളിലും, റോഡുകളിലും വാഹനപരിശോധനയും, എക്സൈസ് ചെക്ക് പോസ്റ്റുകളിൽ കൂടുതൽ ജീവനക്കാരെ നിയമിച്ച് ശക്തവും കർശനവുമായ വാഹന പരിശോധന നടത്തി വരുന്നു. കൂടാതെ സംസ്ഥാന,ജില്ല, താലൂക്ക്, പഞ്ചായത്ത് തല ജനകീയ കമ്മിറ്റികൾ, കുടുംബശ്രീ, മദ്യനിരോധന സമിതികൾ, മറ്റ് സന്നദ്ധ സംഘടനകൾ എന്നിവരിൽ നിന്നും വിവരം ശേഖരിച്ച് പോലീസ്, വനം, റവന്യൂ വകുപ്പുകളുമായി സഹകരിച്ച് അബ്കാരി കുറ്റകൃത്യങ്ങൾ തടയുന്നതിനായി സംയുക്ത റെയ്ഡുകൾ നടത്തി വരുന്നു. |
| (ഡി) വർദ്ധിച്ചു വരുന്ന സാമൂഹ്യ തിന്മകളിൽ മദ്യത്തിനുള്ള പങ്ക് കണക്കിലെടുത്ത് മദ്യനയം കർശനമാക്കുന്നതിനും സ്റ്റാർ ഹോട്ടലുകൾക്കടക്കം പെർമിറ്റ് നൽകുന്നത് തടയാനുമുള്ള അധികാരം തദ്ദേശ സ്ഥാപനങ്ങൾക്ക് നൽകുന്നതുൾപ്പെടെയുള്ള മദ്യവർജ്ജനനയം സ്വീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) മദ്യത്തിൽ നിന്നുള്ള വരുമാനം ഒരു മുഖ്യ വരുമാന സ്രോതസ്സായി കാണാതെ, ബോധവൽക്കരണത്തിലൂന്നി, ഘട്ടം ഘട്ടമായുള്ള മദ്യവർജ്ജനമാണ് സർക്കാർ ലക്ഷ്യമിടുന്നത്. മദ്യപാനത്തെ പ്രോത്സാഹിപ്പിക്കാതിരിക്കാനും, മദ്യവ്യാപനം തടയുന്നതിനുമായി, ഈ സർക്കാർ, ബാർ ലൈസൻസ് നൽകുന്നതിന് കർശന നിയന്ത്രണങ്ങൾ ഏർപ്പെടുത്തുകയും, പുതുതായി മദ്യശാലകൾ ആരംഭിക്കുന്നതിന് അനുമതി നൽകാനുള്ള അധികാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിക്കൊണ്ട് പഞ്ചായത്തീരാജ് ആക്ടിലും, മുനിസിപ്പാലിറ്റി ആക്ടിലും ഭേദഗതി കൊണ്ടു വന്നിട്ടുമുണ്ട്. |

സെക്ഷൻ ആഫീസർ